ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം തടാകത്തിന്റെ ചുറ്റുപാടിലെ അനധികൃത കയ്യേറ്റം തടയുന്നതിന് അതിർത്തി കല്ലുകൾ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. മലിനീകരണം തടയുന്നതിനും തടാകത്തിന്റെ സംരക്ഷണത്തിനു വേണ്ടിയും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ ശാസ്താംകോട്ട തടാകത്തിനെ 'വാട്ടർ സാങ്ച്വറി' ആക്കാനുള്ള ഒരു പ്രോജക്ട് കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ച് വാട്ടർ അതോറിറ്റി നടപ്പിലാക്കാനുള്ള നടപടികളെടുത്തുവരുന്നു. കായലിൽ വരുന്ന മലിനജലവും ഖരമാലിന്യങ്ങളും തടയുന്നതിനുവേണ്ടി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സോളിഡ് വേസ്റ്റ് മാനേജുമെന്റിനും വേണ്ടിയുള്ള പ്രൊപ്പോസൽ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ പുനരുദ്ധരിച്ച് പ്രകൃതിദത്തമായ രീതിയിൽത്തന്നെ നിലനിർത്തുവാനാണ് ഉദ്ദേശിക്കുന്നത്.

പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ

19 (*679) ശ്രീ. പി. വിശ്വൻ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിന് ഉപയോഗിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കേരള സോപ്സ് ആന്റ് ഓയിൽ പരിമിറ്റഡിന്റെ സൗകര്യം ഉപയോഗിച്ച് കെ. എസ്. ഐ. ഇ. യുടെ അധീനതയിൽ സോപ്പ് നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ് പരിമിറ്റഡിന്റെ ഉൽപ്പാദന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) കേരള സംസ്ഥാന സാന്ദ്രിസിലേറ്റ്സ്&കെമിക്കൽസിന്റെ 25 ഏക്കർ ഭൂമി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) പ്രവർത്തനം നിലച്ചു കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു*

(ബി) ഉണ്ട്.

(സി) കേരള സ്റ്റേറ്റ് ഡിറ്റർജന്റ് & കെമിക്കൽസ് ലിമിറ്റഡിന്റെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന സാമ്പിസിലേറ്റ്സ് ആന്റ് കെമിക്കൽസിന്റെ 25 ഏക്കർ ഭൂമിയിൽ കേരള സിഡ്കോ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.റ്റി.ഐ.ലിമിറ്റഡുമായി ചേർന്ന് ടെക്നിക്കോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വികലാംഗ കോർപ്പറേഷന്റെ പ്രവർത്തനം

20 (*680) ശ്രീ. കെ. ടി. ജലീൽ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വികലാംഗ കോർപ്പറേഷന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) വികലാംഗർക്കായി എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഐ. ടി രംഗത്തേയ്ക്ക് കൂടുതൽ വികലാംഗരെ ആകർഷിക്കത്തക്കവിധം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) ഉണ്ട്. എല്ലാ മാസവും സർക്കാർ തലത്തിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് അവലോകന യോഗം വിളിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ, കോർപ്പറേഷന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ മാനേജിംഗ് ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly